LIBRARY ARCHIVES Kerala Legislative Assembly

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി മരുന്നുകൾ

97 (2306) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിവരുന്ന അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി മരുന്നുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഈ മരുന്നുകളുടെ എത്ര ശതമാനം കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

ഇതുസംബന്ധിച്ച കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല. ഏകദേശം 6000 കോടി രൂപയുടെ അലോപ്പതി മരുന്ന് സംസ്ഥാനത്ത് ഉപയോഗിക്കുന്നതായാണ് കണക്കാക്കുന്നത്. 2014-15 സാമ്പത്തിക വർഷം ഹോംകോ സംസ്ഥാനത്ത് 13.40 കോടി രൂപയുടെ ഹോമിയോപ്പതി മരുന്നുകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാവകുപ്പിനുകീഴിലുള്ള ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആവശ്യമായ ഔഷധങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധിയാണ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നത്. കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല.

കേരളത്തിൽ ഉപയോഗിക്കുന്ന അലോപ്പതി മരുന്നിന്റെ ഏകദേശം ഒരു ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. ആയുർവേദ, ഹോമിയോ മരുന്നുകളുടെ കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല.

കന്ദമംഗലം നിയോജകമണ്ഡലത്തിലെ ആയുർവേദ-ഹോമിയോ-യുനാനി ഡിസ്പെൻസറികൾ

98(2307) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര ആയുർവേദ-ഹോമിയോ-യുനാനി ഡിസ്പെൻസറികളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ടിംഗ് നൽകുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഡിസ്പെൻസറിയിലും നിത്യേന ശരാശരി എത്ര പേർ കൺസൾട്ടിംഗിനായി എത്തുന്നുണ്ടെന്ന് അറിയിക്കാമോ ;